ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. കൺസ്യൂമർഫെഡിന് അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യംമൂലം ഫെഡറേഷന്റെ സ്റ്റോറുകളിൽ വേണ്ടത്ര ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ കഴിയുന്നില്ല. അക്കാരണത്താൽ കൺസ്യൂമർഫെഡിന്റെ പൊതുവിലുള്ള പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. ഈ ന്യൂനത പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡിന് സർക്കാർ ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആറ് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ ലഭ്യമാക്കി, സാധനങ്ങൾ സംഭരിച്ച് ഫെഡറേഷന്റെ സ്റ്റോറുകളിലെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കൺസ്യൂമർഫെഡ്‌വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്ത വകയിൽ സബ്‌സിഡിയായി കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം സർക്കാരിൽ നിന്നും 1998 ഓണംമുതൽ 2014 റംസാൻവരെ സർക്കാർ സബ്‌സിഡിയോടെ വിൽപന നടത്തിയ വകയിൽ ലഭിക്കേണ്ട 465.46 കോടി രൂപയിൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചതായ 350.01 കോടി രൂപ കുറച്ചാൽ ബാക്കി 115.45 കോടി രൂപ ലഭിക്കാനുണ്ട്.

(ഡി) ടി തുക തൽവർഷത്തെ ബഡ്ജറ്റിൽ സബ്‌സിഡിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 15 കോടി രൂപയും ബാക്കിയുള്ള തുക എസ്.ഡി.ജി. മുഖാന്തിരവും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

93(T2081) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ/സ്റ്റോറുകൾ നിലവിൽ ഉണ്ട് ; ഇവ എവിടെയൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കൺസ്യൂമർ ഫെഡിൽ എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് നല്കുമോ ;

(സി) ഈ സ്ഥാപനത്തിന്റെ 2011 ജൂൺ മുതലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ വണ്ടിയിൽ സഞ്ചരിക്കുന്ന സ്റ്റോറുകൾ/കടകൾ എത്ര എണ്ണം ഉണ്ട് ; ജില്ല തിരിച്ച് വിവരിക്കുമോ ;

(ഇ) കൺസ്യൂമർ ഫെഡ് ഏതെങ്കിലും സ്ഥാപനങ്ങൾ/ബാങ്കുകളിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോൺ എടുത്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നല്കുമോ ; കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ കൺസ്യൂമർ ഫെഡിന് പ്രത്യേകമായി തുക നീക്കിവച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 806 നന്മ സ്റ്റോറുകളും 232 ത്രിവേണി സ്റ്റോറുകളും 83 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും 6 ഒഴുകുന്ന ത്രിവേണികളും ഉൾപ്പെടെ 1343 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനങ്ങൾ/സ്റ്റോറുകൾ	എണ്ണം
(1)	(2)	(3)
1	റീജിയണൽ ഓഫീസുകൾ	11
2	ത്രിവേണി മെഗാ/ലീറ്റിൽ/സൂപ്പർ മാർക്കറ്റുകൾ	232
3	സഞ്ചരിക്കുന്ന ത്രിവേണി	83
4	ഒഴുകുന്ന ത്രിവേണി	6
5	ത്രിവേണി ഗോഡൗണുകൾ	41
6	നന്മ സ്റ്റോറുകൾ	806
7	നീതി മെഡിക്കൽ വെയർ ഹൗസുകൾ	7
8	നീതി മെഡിക്കൽ സ്റ്റോറുകൾ	89
9	വിദേശ മദ്യഷോപ്പുകൾ	40
10	ബിയർ യൂണിറ്റുകൾ	3

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
11	നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റുകൾ	1
12	എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റ്	1
13	നീതി വിതരണ കേന്ദ്രങ്ങൾ	16
14	നീതി കോസ്മെറ്റിക് ഗോഡൗണുകൾ	1
15	കമ്പ്യൂട്ടർ സ്റ്റേഷനറി യൂണിറ്റുകൾ	1
16	ഇ-ത്രിവേണി ബിസിനസ്സ് കേന്ദ്രങ്ങൾ	3
17	ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി	1
18	ശ്രുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ്	1
	ആകെ	1343

ഇവയിൽ നീജിയണൽ ഓഫീസുകളുടെ ആസ്ഥാനങ്ങൾ താഴെപ്പറയും പ്രകാരമാണ്:

ക്രമ നമ്പർ	സ്ഥലം
1	തിരുവനന്തപുരം
2	കൊല്ലം
3	പത്തനംതിട്ട
4	ആലപ്പുഴ
5	കോട്ടയം
6	എറണാകുളം
7	തൃശ്ശൂർ
8	പാലക്കാട്
9	മലപ്പുറം
10	കോഴിക്കോട്
11	കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള 1332 ഓഫീസുകളും സ്ഥാപനങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കൺസ്യൂമർഫെഡിൽ 6383.21 കോടി രൂപയുടെ ബിസിനസ്സ് കൈവരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു :

വർഷം	തുക(കോടിയിൽ)
2011-12	1333.09
2012-13	1688.97
2013-14	1496.95
2014-15	1572.25
2015-16	291.95
ആകെ	6383.21

(സി) പ്രവർത്തന പുരോഗതി സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു :

	2010-11	2014-2015
യൂണിറ്റുകളുടെ എണ്ണം	383	1487
വിൽപ്പന	1213.93 കോടി	1572.25 കോടി
പ്രവർത്തനനഷ്ടം	192.83 "	112.88 "
സഞ്ചിത നഷ്ടം	93.45 "	360.23 "
ജീവനക്കാർ	2181	6024

ഇവരിൽ 2014-15 വർഷത്തെ കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. 2014-15-ലെ 6024 ജീവനക്കാരിൽ 350-ലധികം ദിവസവേതന ജീവനക്കാർ പിന്നീട് ജോലിയിൽ നിന്നും വിട്ടുപോയിട്ടുണ്ട്.

(ഡി) കേരളത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ (140+1+1=142) സഞ്ചരിക്കുന്ന ത്രിവേണികൾ ആരംഭിച്ചിരുന്നു. ഇവയിൽ 59 എണ്ണത്തിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ചില സാങ്കേതിക കാരണങ്ങൾമൂലം നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തിച്ചു വരുന്ന 83 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനപരിധി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	സഞ്ചരിക്കുന്ന ത്രിവേണികളുടെ എണ്ണം
തിരുവനന്തപുരം	12
കൊല്ലം	11
പത്തനംതിട്ട	1
ആലപ്പുഴ	8
കോട്ടയം	9
ഇടുക്കി	5
എറണാകുളം	3
തൃശ്ശൂർ	12
പാലക്കാട്	7
മലപ്പുറം	1
കോഴിക്കോട്	11
വയനാട്	3
കണ്ണൂർ	...
കാസർഗോഡ്	...
ആകെ	83

(ഇ) ഉണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സഹകരണ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം എന്നിവയിൽ നിന്നും 642.98 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകളിൽ കൺസ്യൂമർ

LIBRARY ARCHIVES Kerala Legislative Assembly

ഫെഡിന് ഉത്സവ ചന്ത സംഘടിപ്പിക്കുന്നതിനുവേണ്ടി നീക്കിവച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	നീക്കിയിരുപ്പ്തുക (കോടിയിൽ)
2011-12	5.00
2012-13	5.00
2013-14	10.00
2014-15	11.00

കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം

94(2082) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിനു കീഴിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട് എവിടെയൊക്കെ ;

(ബി) മേൽ കാലയളവിൽ എത്ര കൺസ്യൂമർഫെഡ് സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ; ഇതുമൂലം എത്ര പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത് ;

(സി) ഈ കാലയളവിൽ കൺസ്യൂമർഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന് കീഴിൽ പുതുതായി 9 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സോണൽ ആഫീസ്	ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ
റീജിയണൽ ആഫീസ്	പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ പാലക്കാട്
ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി	തൃശ്ശൂർ
ശ്രുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ്	കായംകുളം

LIBRARY ARCHIVES Kerala Legislative Assembly